# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറിയനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP/P-5/282/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 29/03/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറിയനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP/P-5/282/2023 തീയ്യതി: 29/03/2023

## ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 01-03-2023 | 07-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-03-2023 | 07-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫീസർ
ശ്രീമതി.സിന്ധ്യ.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. രാജി കെ.എസ്. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ്കുമാർ.ജി.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. പ്രസന്ന രമേശൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.രഘുലാൽ.വി | സെക്രട്ടറി | 01-04-2021 | 10-08-2021 |
| ശ്രീ.അനിൽകുമാർ.എ.ജി | സെക്രട്ടറി | 11-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മധു സൂധനൻ നായർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ദിവ്യ.ആർ.തങ്കം | വെറ്റിനറി സർജൻ | 01-04-2021 | 26-11-2021 |
| ശ്രീമതി.ഐശ്വര്യ ബാബു | വെറ്റിനറി സർജൻ | 27-11-2021 | 31-03-2022 |
| ശ്രീമതി,ഉഷാകുമാരി | ഐ സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2021 | 06-11-2021 |
| ശ്രീമതി.രാജശ്രീ രാജൻ | ഐ സി.ഡി.എസ്സ്.സൂപ്പർവൈസർ | 07-11-2021 | 31-03-2022 |
| ഡോ.ശ്രീകാന്ത്.പി.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 13-07-2021 |
| ഡോ.ഷെറീന.എസ്സ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 15-07-2021 | 31-03-2022 |
| ഡോ.രാജി.ആർ | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ.റംലത്ത് ബീവി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി.മിനിമോൾ ജോൺ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 08-12-2021 |
| ശ്രീമതി.അന്നമ്മ വർഗ്ഗീസ് | ഹെഡ്മിസ്ട്രസ്സ് | 09-12-2021 | 31-03-2022 |
| ശ്രീമതി.സ്മിത | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ആശ.ജി.ഉണ്ണി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 16-08-2021 |
| ശ്രീമതി.അശ്വതി കൃഷ്ണ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17-08-2021 | 31-03-2022 |
| ശ്രീമതി.അനിത.എസ്സ് | അസി.സെക്രട്ടറി | 01-04-2021 | 14-07-2021 |
| ശ്രീ.എൻ.നന്ദനൻ | അസി.സെക്രട്ടറി | 15-07-2021 | 31-03-2022 |
| ശ്രീമതി.ഹാഷിറ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | വിവിധ ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | കെട്ടിടങ്ങളെ പ്രവേശനമാർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ചുമത്തിയില്ല- | 1-10 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കുന്നില്ല. | 1-11 |
| 13 | കടമുറികളുടെ വാടക-പിരിവിലെയും നടത്തിപ്പിലെയും അപാകതകൾ | 1-12 |
| 14 | ഇ-ടെണ്ടർ ഫീസ് -തനതുഫണ്ടിൽ മുതൽക്കൂട്ടുന്നില്ല | 1-13 |
| 15 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം-കരാറുകാരന് തുക അധികം നൽകി. | 1-14 |
| 16 | 52ാം നം. അംഗൻവാടിക്ക് സൌകര്യം വർദ്ധിപ്പിക്കൽ- കരാറുകാരന് തുക അധികം നൽകി | 1-15 |
| 17 | കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ- ഒഴിവാക്കപ്പെട്ട സെന്റേജ് ചാർജ്ജ്, ജി.എസ്.റ്റി ചാർജ്ജുകൾ ഉൾപ്പെടുത്തി തുക ഒടുക്കി | 1-16 |
| 18 | സേവിംഗ് കോസ്റ്റ് ഓഫ് ബിറ്റുമിൻ, ടാർ വീപ്പയുടെ വില എന്നിവ തനതുഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു | 1-17 |
| 19 | എം സി എഫ് നിർമ്മാണം -തുക വികസനഫണ്ടിൽ തിരിച്ചടച്ചില്ല. | 1-18 |
| 20 | തെരുവുവിളക്ക് ദീർഘിപ്പിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-19 |
| 21 | പത്രപ്പരസ്യം നൽകിയത് നിർദ്ദിഷ്ട വിൻഡോ തരത്തിലല്ല-ചെലവ് നഷ്ടം 17,952 | 1-20 |
| 22 | പ്രിന്റിങ്ങ് പ്രവൃത്തികൾ നടത്തിയത് സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ക്വട്ടേഷൻ/ ടെൻഡർ നടപടി ക്രമങ്ങളിലൂടെയല്ല -തുക തടസ്സപ്പെടുത്തുന്നു | 1-21 |
| 23 | നൽകിയ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭിച്ചില്ല. | 1-22 |
| 24 | സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ | 1-23 |

| | | |
|---|---|---|
| | മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു | |
| 25 | മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല . - ചെലവ് തുക 23002/- രൂപ തടസ്സത്തിൽ വയ്ക്കുന്നു . | 1-24 |
| 26 | ഐ.കെ.എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു. | 1-25 |
| 27 | എസ്.എസ്.എ വിഹിതം നൽകൽ- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു. | 1-26 |
| 28 | പ്രൊഫോർമ ഇൻവോയിസിൽ രേഖപ്പെടുത്തിയ തുകയിൽ നിന്നും കൂടിയ നിരക്കിൽ സാധനം സപ്ലൈ ചെയ്തു.- | 1-27 |
| 29 | ഭവന പുനരുദ്ധാരണം - പ്രവർത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 1-28 |
| 30 | തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ വർക്കുകളിൽ നിന്ന് ജി.എസ്.ടി ഈടാക്കുന്നില്ല | 1-29 |
| 31 | അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം | 1-30 |
| 32 | ഹരിതകർമ്മസേനയുടെ പ്രവർത്തനം -അവലോകനം. | 1-31 |
| 33 | ലൈഫ് ഭവന പദ്ധതി - അവലോകനം | 1-32 |
| 34 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-33 |
| | ഭാഗം **2** | |
| 1 | കെട്ടിടങ്ങളെ പ്രവേശനമാർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ചുമത്തിയില്ല- | 2-1 |
| 2 | ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കുന്നില്ല. | 2-2 |
| | ഭാഗം **3** | |
| 1 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം- കരാറുകാരന് തുക അധികം നൽകി | 3-1 |
| 2 | 52ാം നം. അംഗൻവാടിക്ക് സൌകര്യം വർദ്ധിപ്പിക്കൽ-കരാറുകാരന് തുക അധികം നൽകി | 3-2 |
| 3 | തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ വർക്കുകളിൽ നിന്ന് ജി.എസ്.ടി- ഈടാക്കുന്നില്ല | 3-3 |
| 4 | പത്രപ്പരസ്യം നൽകിയത് നിർദ്ദിഷ്ട വിൻഡോ തരത്തിലല്ല-ചെലവ് നഷ്ടം 17,952 | 3-4 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | വായ്പ /വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-2022 വർഷത്തെ ബജറ്റ് 24-02-2021 ലെ നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 119249000 | 117998160 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രിക പ്രകാരം | 133435746 | 143099844 |

18/03/2022 തീയതിയിലെ 1-ാം നം.തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം വരവ് 155692113/-രൂപയും ചെലവ് 149674988/-രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31/07/2022 | 18/05/2022 |

### 1-2-1 വാർഷികകണക്കിലെ അപാകതകൾ

വാർഷികകണക്കിലെ അപാകതകളുടെയും ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയുടെയും വിവരം ചുവടെ ചേർക്കുന്നു.. 1.പെർഫോമൻസ് ഗ്രാന്റ് (ടൈഡ് & അൺ ടൈഡ്) എസിആർ പ്രകാരം വരവ് 7812926/- രൂപയാണ്. വാർഷികകണക്ക് പ്രകാരം വരവ് തുക 5692807/- രൂപയാണ്. എ സി ആർ ൽ സ്പിൽ ഓവർ ഉൾപ്പെടെയുള്ള തുകകൾ വന്നതാണ് വ്യത്യാസത്തിന്റെ കാരണമെന്ന് മറുപടി നൽകിയെങ്കിലും തുകയിലെ വ്യത്യാസം വിശദമാക്കിയില്ല.

2. പെർഫോമൻസ് ഗ്രാന്റിൽ നിന്നും ചെലവഴിച്ച തുക കുറവ് വരുത്താതെ വരവ് തുക ( RP 31 -5692807/- ) B4 ഷെഡ്യൂളിൽ ബാധ്യത ആയി രേഖപ്പെടുത്തിയിരിക്കുന്നു.

3. NREGA അക്കൌണ്ടിൽ നിന്നും തനത്ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക (1145983/-) തെറ്റായി NREGA അക്കൌണ്ടിൽ (RP40(a)) ഉൾപ്പെടുത്തിയിരിക്കുന്നു. ട്രാൻസ്ഫർ ചെയ്ത തുകക്ക് Contra Entry വരുത്താതിരുന്നതിനാലാണ് ബാങ്ക് ബുക്കിൽ തുക ഉൾപ്പെട്ടതെന്നാണ് മറുപടി നൽകിയത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം മുന്നിരുപ്പ് Zero ആണ്.

4. ട്രഷറി റിഡംഷൻ തുക ബാങ്ക് ചാർജസ് എന്ന ഹെഡ്ഡിൽ തെറ്റായി റെസീപ്റ്റ് ചെയ്തു [RP-4 (-)2550792]

5. ലൈഫ് ഭവന പദ്ധതി സ്റ്റേറ്റ് ഷെയർ (24,00,000/-) RP 32 Secured Loans എന്ന ഹെഡ്ഡിൽ തെറ്റായി റെസീപ്റ്റ് ചെയ്തു.

6. വാർഷികകണക്കിലെ ചുവടെ ചേർക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ /രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| Advance Collection (Profession Tax Traders) | 3400/-(RP 36) |
| Advance Collection (Market Receipts) | 418900/-(RP 36) |
| Advance Collection (Rent) | 5250/- (RP 36) |
| Advance Collection (Sale Of Usufracts Of Trees) | 12200/- (RP 36) |
| Rent Recievables From Buildings | 81162 (B15) |

7. ലോൺ രജിസ്റ്റർ പ്രകാരം നീക്കിയിരുപ്പ് തുക 8623354/- രൂപയാണ്. B5ഷെഡ്യൂൾ പ്രകാരം നീക്കിയിരുപ്പ് 13452816/- രൂപയാണ്. വ്യത്യാസം വിശദമാക്കിയില്ല.

B5 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ Secured Loans( Hudco) 5204946/- രൂപയുടെ കൃത്യതയും വിശദമാക്കിയില്ല.സ്റ്റേറ്റ് ഷെയർ

(24,00,000/-) രൂപയും B5 ഷെഡ്യൂളിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുണ്ട്.

8. NPS (പഞ്ചായത്ത് വിഹിതം -15021) തെറ്റായി അക്കൌണ്ട് ചെയ്തതിനാൽ B9 ഷെഡ്യൂളിൽ ഉൾപ്പെട്ടില്ല.

9. പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയിൽ ശമ്പളം, ഭരണചെലവുകൾ എന്നിവക്കായി വിനിയോഗിച്ച തുക NREGS ( NREGA -900612/-)അക്കൌണ്ടിൽ നിന്നും തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാതെ B4 ഷെഡ്യൂളിൽ ബാധ്യത ആയി ചേർത്തിരിക്കുന്നു. B4 ഷെഡ്യൂളിൽ മറ്റ് ഹെഡ്ഡുകളിൽ ഉൾപ്പെടുത്തിയ തുകകൾ ഏതൊക്കെ എന്ന് മറുപടി നൽകിയെങ്കിലും ഇവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

10. Prepaid Expenses (B16 ഷെഡ്യൂൾ) 18092388/-, Recoveries Payable EPF -26868/- എന്നിവ ഹെഡ്ഡ് മാറി തെറ്റായി അക്കൌണ്ട് ചെയ്തു.

11. റെകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ പഞ്ചായത്ത് നൽകിയതും മൂന്ന് മാസത്തിലധികം ആയി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവ B9 ഷെഡ്യൂളിൽ Liability In Respect Of Stale Cheques എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

12.ബാങ്ക് ചാർജ്ജസ് ഇനത്തിൽ( -2550792/- )രൂപ തെറ്റായി ആർ.പി 4 ഷെഡ്യൂളിൽ വരവ് വെച്ചിരിക്കുന്നു.

ഓഡിറ്റ് അന്വേഷണം 4/3.3.23 പ്രകാരം അപാകതകൾ സ്ഥാപനത്തെ അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12725979 |
| വരവ് | 69757258 |
| ആകെ | 82483237 |
| ചെലവ് | 71167794 |
| നീക്കിയിരിപ്പ് | 11315443 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 32706 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2356327 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | ഉറവിടത്തിൽ കുറവ് ചെയ്തത് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | -- | 11340354 | 11340354 | 10282686 | 894667 | 162801 |
| വികസനഫണ്ട് എസ്.സി.പി. | -- | 7344200 | 7344200 | 6529909 | 220000 | 594291 |
| സംരക്ഷണഗ്രാന്റ് റോഡ് | -- | 11526700 | 11526700 | 10425000 | | 1101700 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | -- | 5412865 | 5412865 | 4040462 | | 1372403 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | Tied | 4610941 | 4610941 | 3090757 | | 1520184 |

| | | | | | | |
|---|---|---|---|---|---|---|
| | Untied | 3201985 | 3201985 | 2797731 | | 404254 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 154 | 87674713 | 119 | 50263410 | 2 | 33 | 77.27% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 382139 | 382139 | 382139 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 2 | 2 | 2 | 0 |
| ആകെ | 0 | 2 | 8 | 3 | 0 |

## 1-7 വിവിധ ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 38280 | 12 |
| കർഷക തൊഴിലാളി പെൻഷൻ | 6757400 | 127 |
| വിധവ പെൻഷൻ | 13280600 | 248 |
| വാർദ്ധക്യകാല പെൻഷൻ | 28771300 | 165 |
| വികലാംഗ പെൻഷൻ | 4350400 | 170 |
| അവിവാഹിത പെൻഷൻ | 540800 | 20 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-03-2023-തീയ്യതിയിൽ 3.30 P.m മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി.52,147 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ചുവടെ ചേർക്കുന്ന അപാകതകളൊഴികെ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.

1) പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. . പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിൽ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തുന്നില്ല.

3) പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

5)മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല.

ന്യൂനതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 കെട്ടിടങ്ങളെ പ്രവേശനമാർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ചുമത്തിയില്ല-

അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക- 2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർത്ത കെട്ടിടത്തിന്റെ നികുതിനിർണ്ണയം സംബന്ധിച്ച ഫയലിലെ *കംപ്ലീഷൻ പ്ലാൻ* പ്രകാരം കെട്ടിടത്തിന് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ടായിരുന്നിട്ടും ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടു.ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി | അടിസ്ഥാന നിരക്ക് | പുനർ നിർണ്ണയിക്കേണ്ട വസ്തു നികുതി | വ്യത്യാസം |
|---|---|---|---|---|---|---|
| ശ്രീനിവാസൻ ശ്രീനിവാസഭവനം, പാറേൽപ്പടി, ചെറിയനാട് | 336/A | 22.75 | 1365 | 60 | 1638 | 273 |
| പി.എൽ.സരസമ്മ കാശി തീർത്ഥം, മാമ്പ്ര | 474/A | 44.9 | 2694 (മേഖല അടിസ്ഥാനത്തിലുള്ള ഇളവ്-10%)<br>അടിസ്ഥാന വസ്തു നികുതി-2424.6 | 60 | 2908 | 216 |

വാണിജ്യ കെട്ടിടങ്ങളാണ് മുകളിൽ സൂചിപ്പിച്ചുള്ളത്. വസ്തുനികുതിയിൽ ഉണ്ടായ കുറവ് സംബന്ധിച്ച് ശ്രദ്ധയിൽപ്പെടുത്തുന്നു. വസ്തു നികുതി ഇനം കണക്കാക്കുമ്പോൾ ഇത്തരത്തിലുള്ള പിഴവുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11 ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ചുവടെകൊടുക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ചെറിയനാട് KUCS-A177(D)Apcos |
| 2 | ഇടമുറി KUCS -A225(D) Apcos |
| 3 | തുരുത്തിമേൽ KUCS-A178(D) Apcos |
| 4 | ആലക്കോട് KUCS-A125(D) Apcos |

മേൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 24/21-22 തീ.07.03.23) നൽകിയ മറുപടിയിൽ ഡിമാന്റ് ചെയ്തിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(A) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

2021-22 സാമ്പത്തികവർഷം ചെറിയനാട് സബ്ബ് രജിസ്ട്രാർ ഓഫീസിൽ നിന്നുംതൊഴിൽ നികുതി അടവാക്കിയതിൽ ഒരു ജീവനക്കാരിയുടെ നികുതി അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായ നിരക്കിൽ നിന്നും കുറവായിട്ടാണ് അടവ് വരുത്തിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | തസ്തിക | ഓഫീസ് | അർദ്ധ വാർഷിക വരുമാനം | അടവാക്കിയ തുക | അടയ്ക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|
| സാവിത്രി | പാർട്ട് ടൈം സ്വീപ്പർ | സബ്ബ് രജിസ്ട്രാർ ഓഫീസ്, ചെറിയനാട് | 124368 | 750 | 1000 | 250 |

അർദ്ധവാർഷികപത്രിക സമർപ്പിക്കുമ്പോൾ വരുമാനത്തിന് അനുസൃതമായ നിരക്കിൽ(സ്ലാബിൽ) നികുതി ഒടുക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

## 1-12 കടമുറികളുടെ വാടക-പിരിവിലെയും നടത്തിപ്പിലെയും അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥയിൽ എത്ര ഷോപ്പിങ്ങ് കോംപ്ലക്സുകൾ ഉണ്ടെന്നോ ഓരോന്നിനും എത്ര മുറികൾ വീതം ഉണ്ടെന്നും സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും വാടക റജിസ്റ്ററിന്റെ ഇൻഡക്സിൽ രേഖപ്പെടുത്തിയിട്ടില്ല. റജിസ്റ്റർ പരിശോധിച്ചപ്പോൾ വേക്കന്റായും വാടക ലഭിക്കാതെയുള്ള കടമുറികൾ ശ്രദ്ധയിൽപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

(A)വേക്കന്റായ കടമുറികൾ ലേലം ചെയ്ത് നൽകുന്നില്ല.

| ക്രമനമ്പർ | ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് | റൂം നമ്പർ |
|---|---|---|
| 1 | തുരുത്തിമേൽ മാർക്കറ്റ് | 7 |
| 2 | തുരുത്തിമേൽ മാർക്കറ്റ് | 8 |
| 3 | തുരുത്തിമേൽ മാർക്കറ്റ് | 12 |
| 4 | കൊല്ലകടവ് മാർക്കറ്റ് | 5 |
| 5 | കൊല്ലകടവ് മാർക്കറ്റ് | 6 |
| 6 | കൊല്ലകടവ് മാർക്കറ്റ് | 12 |
| 7 | കൊല്ലകടവ് മാർക്കറ്റ് D ബ്ലോക്ക് | 19-B |
| 8 | കൊല്ലകടവ് മാർക്കറ്റ് D ബ്ലോക്ക് | 19-C |
| 9 | കൊല്ലകടവ് മാർക്കറ്റ് D ബ്ലോക്ക് | 19-D |
| 10 | കൊല്ലകടവ് മാർക്കറ്റ് D ബ്ലോക്ക് | 19-E |

പ്രസ്തുത കടമുറികൾ ലേലനടപടികളിൽ ഉൾപ്പെടുത്തി വാടകക്കാർക്ക് നൽകാതിരുന്നത് എന്തുകൊണ്ടാണെന്നും ലേല നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കി നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്നതും വിശദമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ-14/02.03.23) മറുപടി ലഭ്യമാക്കിയില്ല.

B)വാടക നൽകാനുള്ളവരിൽ നിന്നും കുടിശ്ശിക പിരിക്കുന്നില്ല .

| ക്രമ നമ്പർ | പേര് വിലാസം | ഷോപ്പിങ്ങ് കോംപ്ലക്സിന്റെ പേര് | റൂം നമ്പർ | പ്രതിമാസ വാടക | നൽകാൻ അവശേഷിക്കുന്ന വാടകത്തുക |
|---|---|---|---|---|---|
| 1 | അജികുമാർ | കൊല്ലകടവ് | 2 | 2927 | 8781 |

| | | | | | |
|---|---|---|---|---|---|
| | മലയിൽ തെക്കേതിൽ ചെറിയനാട് | മാർക്കറ്റ്- മെയിൻ ബ്ലോക്ക് | | | |
| 2 | ഷീദ് മുഹമ്മദ് ഷീന മൻസിൽ ചെറിയനാട് | കൊല്ലകടവ് മാർക്കറ്റ്- മെയിൻ ബ്ലോക്ക് | 16 | 1757 | 21084 |
| 3 | ഷാജഹാൻ മുക്കങ്ങൽ വടക്കേതിൽ കൊല്ലകടവ് | കൊല്ലകടവ് മാർക്കറ്റ്- മെയിൻ ബ്ലോക്ക് | C Block-14 | 1887 | 22644 |
| 4 | ബിജു കുമ്പളേത്ത്, ചെറിയനാട് | കൊല്ലകടവ് മാർക്കറ്റ്- മെയിൻ ബ്ലോക്ക് | D Block-23 | 1164 | 13968 |
| 5 | ഷറഫുദ്ദീൻ ബിസ്മി മൻസിൽ കൊല്ലകടവ് | കൊല്ലകടവ് മാർക്കറ്റ്- മെയിൻ ബ്ലോക്ക് | E Block-02 | 1358 | 16296 |
| 6 | ഷാഹോൻ മുക്കങ്കൽ വടക്കേതിൽ കൊല്ലകടവ് | കൊല്ലകടവ് മാർക്കറ്റ്- മെയിൻ ബ്ലോക്ക് | E Block-05 | 782 | 9384 |
| 7 | ബൈജു പുത്തൻപാലത്ത് കൊല്ലകടവ് | കൊല്ലകടവ് മാർക്കറ്റ്- മെയിൻ ബ്ലോക്ക് | E Block-02 | 1106 | 13272 |
| | ആകെ | | | | 1,05,429 |

വാടക ഇനത്തിൽ 1,05,429രൂപ ഈടാക്കാൻ ബാക്കി നിൽക്കുന്നു. തുക ഈടാക്കാൻ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 5വർഷം വരെ വാടക രഹിതകെട്ടിടം അനുവദിക്കാവുന്നതാണ്.(സ.ഉ.(സാധാ)നം-301/2013 തസ്വഭവ.തീ.04.02.2013. സപ്ലൈക്കോയുടെ മാവേലി സ്റ്റോർ കൊല്ലകടവ് മാർക്കറ്റ് ഷോപ്പിങ്ങ് കോംപ്ലക്സിന്റെ റൂംനമ്പർ 8,9.10 മുറികളിലായി വാടക രഹിതമായി പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനം എത്ര കാലമായി പ്രവർത്തിച്ചുവരുന്നുവെന്ന് വ്യക്തമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 5 വർഷത്തിന് മേൽ പ്രവർത്തനം തുടരുന്നുവെങ്കിൽ വാടക നിശ്ചയിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

കൊല്ലകടവ് ഷോപ്പിങ്ങ് കോംപ്ലക്സിന്റെ മെയിൻ ബ്ലോക്കിലെ റൂം നമ്പർ-04 ൽ ഇക്കോഷോപ്പ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ഷോപ്പ് വാടക ഇനത്തിൽ തുകയൊന്നും അടവാക്കിയിട്ടില്ല. ഇക്കോഷോപ്പുകളെ വാടക ഇനത്തിൽ നിന്നും സർക്കാർ ഒഴിവാക്കിയിട്ടുണ്ടോയെന്ന അന്വേഷണത്തിനും മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയത്തിൽ അടിയന്തിരമായി ഇടപെട്ട് പരിഹാരം കണ്ടെത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകളിന്മേൽ അടിയന്തിര നടപടി സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ ഫീസ് -തനതുഫണ്ടിൽ മുതൽക്കൂട്ടുന്നില്ല

നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മുൻ വർഷങ്ങളിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനം 97598/- രൂപ- എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൌണ്ടിൽ ഒടുക്ക് വരുത്തിയിരുന്നു. (2018-19 വർഷം 26208/- രൂപ, 2019-20 &2020-21 വർഷങ്ങളിൽ 32,480/- രൂപ, 2021-22 വർഷം 28,910/-രൂപ എന്നിങ്ങനെ) തനതു വരുമാനമാകയാൽ, എൻ.ഐ.സി മുഖേന പ്രസ്തുത അക്കൗണ്ടിൽ നേരിട്ട് ക്രഡിറ്റ് വന്ന തുകകൾ തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. ഈ ഇനത്തിൽ . എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്

യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിന് നൽകേണ്ട തുക 97598/-രൂപ ലഭിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം-കരാറുകാരന് തുക അധികം നൽകി.

പ്രോജക്ട് നം. S0097/22
പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം
അടങ്കൽ 5,00,000/-(തനതു ഫണ്ട്)
ചെലവ് :-ബിൽ നം.5 തീയതി27-10-2021 ,തുക 4,05,652/-രൂപ
പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ വിശദമായി പരിശോധിച്ചതിൽ, ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് ഇനം .6 "Steel Work Welded In Built Up Sections/framed Work.........brackets,gatesand Similar Works" (എം.ബുക്ക് പേജ് നം. 5- പ്രകാരം ആകെ ഗ്രിൽ സ്ക്വയർ റോഡ് -40 എം.എം 23.8 Mm മാത്രമാണുള്ളത് എന്നാൽ, 63.30m.m എന്ന് തെറ്റായി കണക്ക് കൂട്ടി എം.ബുക്കിൽ ചേർത്ത് കരാറുകാരന് ചുവടെപ്പറയും പ്രകാരം തുക അധികം നൽകിയിട്ടുണ്ട്.

| ഇനം | യഥാർത്ഥ അളവ് (കി.ഗ്രാം) | രേഖപ്പെടുത്തിയ അളവ് (കി.ഗ്രാം) | വ്യത്യാസം | അനുവദനീയമായ തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 40 എം.എം സ്ക്വയർറോഡ്- | 23.8mm= 23.8x1.78= 42.36കി.ഗ്രാം | 63.30m.m= 63.30x1.78= 112.67കി.ഗ്രാം | 39.5m.m= 39.5x1.78= 70.31കി.ഗ്രാം | 42.36കി.ഗ്രാം @ 127/kg = 5380 | 112.67കി.ഗ്രാം @127/kg =14309 | 14309-5380= 8929+1071 (ജി.എസ്സ്.ടി) |

ജി.എസ്സ്.ടി ഉൾപ്പടെ 10000/- രൂപ അധികം ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 6/2021-22തീയതി 03-03-2023) മറുപടി ലഭിച്ചില്ല.ആകയാൽ കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 52ാം നം. അംഗൻവാടിക്ക് സൌകര്യം വർദ്ധിപ്പിക്കൽ- കരാറുകാരന് തുക അധികം നൽകി

പ്രോജക്ട് നം.s0061/22
52ാം നം. അംഗൻവാടിക്ക് സൌകര്യം വർദ്ധിപ്പിക്കൽ
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്):- 4,00,000/-
എം.ബുക്ക് നം.164/21
ചെലവ് :- ബിൽ നം.350511/-തീയതി 17-03-2022
പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് ഇനം .8 "Steel Work Welded In Built Up Sections/framed Work Including Cutting,hoisting Fixing In Position And Applying A Priming Coat Of Approved.......gates And Similar Works ,എം.ബുക്ക് പേജ് നം. –7 പ്രകാരം ആകെ ഗ്രിൽ സ്ക്വയർ സ്ക്വയർ ട്യൂബ്(25x25) - 66.29 Mm മാത്രമാണുള്ളത്.എന്നാൽ ടി അളവിന് പകരം 136.49m.m എന്ന് തെറ്റായി കണക്ക് കൂട്ടി എം.ബുക്കിൽ ചേർത്ത് ചുവടെപ്പറയും പ്രകാരം കരാറുകാരന് തുക അധികം നൽകിയിട്ടുണ്ട്.

| ഇനം | യഥാർത്ഥ അളവ് (കി.ഗ്രാം) | രേഖപ്പെടുത്തിയ അളവ് (കി.ഗ്രാം) | വ്യത്യാസം | എം.ബുക്ക് പ്രകാരം മെഷ് ഉൾപ്പടെ ആകെ അളവ് | അനുവദിച്ചതുക (Limited To Agreed Quantity) | അനുവദനീയമായ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| ഗ്രിൽ സ്ക്വയർ ട്യൂബ്( 25x25)- | 66.29mm= 66.29x1.01= 66.95കി.ഗ്രാം | 136.49m.m= 136.49x1.01= 137.85കി.ഗ്രാം | 70.9m.m= 70.9x1.01= 71കി.ഗ്രാം | 137.85+46.85 =184.70 കി.ഗ്രാം | 150കി.ഗ്രാം @ 160.92/kg = 24138/- രൂപ | 66.95+46.85 113.8@ 160.92/kg = 18313 | 5825+699 (ജി.എസ്.ടി) =6524/- |

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/2021-22 തീയതി 07-03-2023) നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭിച്ചില്ല. കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡ് ഓഫ് അക്കൌണ്ടുകളിൽ തിരിച്ചടക്കേണ്ടതാണ്.

## 1-16 കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ- ഒഴിവാക്കപ്പെട്ട സെന്റേജ് ചാർജ്ജ്, ജി.എസ്.റ്റി ചാർജ്ജുകൾ ഉൾപ്പെടുത്തി തുക ഒടുക്കി

ചെറിയനാട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി പൈപ്പ് ലൈൻ കണക്ഷൻ വാട്ടർ അതോറിറ്റി മുഖേന കൂടുതൽ പ്രദേശങ്ങളിലേക്ക് നീട്ടുന്നതിന് 2020-21 സാമ്പത്തിക വർഷം പദ്ധതി ആവിഷ്കരിച്ചു. പദ്ധതി പ്രകാരം 22,30,000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ വകയിരുത്തി വാട്ടർ അതോറിറ്റിയ്ക്ക് 24/03/2021അടവാക്കിയിരുന്നു.

പൈപ്പിനും അനുബന്ധസാധനങ്ങൾക്കും ഉണ്ടായ വില വർദ്ധനവ് മൂലം എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും KWA/PHA /D4/1308/2020-21 തീ.23.06.21 കത്ത് പ്രകാരം 22,30,000 രൂപയുടെ കൂടെ 5,80,000 രൂപയുടെ വർദ്ധനവ് എസ്റ്റിമേറ്റിൽ വരുത്തി 28,10,000രൂപ അടയ്ക്കുവാൻ ആവശ്യപ്പെടുകയും 05/01/22 തീയതിയിൽ 5,80000 രൂപ വാട്ടർ അതോറിറ്റിയ്ക്ക് കൈമാറുകയും ചെയ്തു. ഇതിന് പുറമെ വിവിധ വാർഡുകളിൽ വാൽവുകൾ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ആയതു പ്രകാരം 22/02/2022 തീയതിയിൽ 3,08,000 രൂപ ഗ്രാമപഞ്ചായത്ത് കൈമാറുകയും ചെയ്തു.

കുടിവെള്ള പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയുമായി 15/02/2022തീയതിയിൽ കരാറിൽ ഏർപ്പെട്ടിരുന്നു. (കരാർ ഉടമ്പടി നമ്പർ-SEC/ DW/100/22 തീയതി 15/02/2022). പ്രവൃത്തി ആറുമാസത്തിനകം പൂർത്തിയാക്കുമെന്നായിരുന്നു കരാറിലെ ഒരു നിബന്ധന. നിബന്ധനപ്രകാരം കാലയളവിനുള്ളിൽ പണി പൂർത്തിയാക്കിയതായി കാണുന്നില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെക്കൊടുക്കുന്ന ചോദ്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.02/02.03.23)മറുപടി ലഭ്യമാക്കിയില്ല.

1)പ്രസ്തുത പ്രവൃത്തിയിലെ 4(1),4(2),4(3)എന്നീ ഇനംപ്രവൃത്തികളിൽ റോഡ് റെസ്റ്റോറേഷൻ ചാർജ്ജസ് ഉൾപ്പെടുത്തിയിരുന്നു. ചീഫ് എൻജിനീയറുടെ CE/R&B 1 GLRC/2/2019 തീയതി.30.03.2019 തയ്യാറാക്കിയ നൽകിയ സർക്കുലർ പ്രകാരമുള്ള നിരക്കുകളാണ് ഡിറ്റെയിൽഡ് എസ്റ്റിമേറ്റിൽ റെസ്റ്റോറേഷൻ ചാർജ്ജിന് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത നിരക്കുകൾ കോസ്റ്റ് ഇൻഡക്സ്, സെന്റേജ് ചാർജ്ജസ്, ജി.എസ്.റ്റി എന്നിവ ഉൾപ്പടെയുള്ളവയാണെന്ന് സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഇനം പ്രവൃത്തികൾക്ക് ഇത് കൂടാതെ താഴെപ്പറയും പ്രകാരം സെന്റേജ് ചാർജ്ജസ്, ജി.എസ്.റ്റി ചാർജ്ജുകൾ എന്നിവ കണക്കാക്കിയാണ് വാട്ടർ അതൊറിറ്റി തുക ഡിമാന്റ് ചെയ്തിട്ടുള്ളത്.

| ഇനം | അളവ് | നിരക്ക് | ആകെ |
|---|---|---|---|
| ബി.എം.ബി.സി കട്ടിംങ്ങ് | 15 Sqm | 4061.51@sqm | 61042.65 |
| ബേം കട്ടിംങ്ങ് | 50sqm | 359.85@sqm | 17992.50 |
| 20mm ചിപ്പിങ്ങ് കാർപ്പെറ്റ് കട്ടിംഗ് | 20sqm | 3090.57@sqm | 61811.40 |
| ആകെ | 85sqm | | 140846.55 |
| സെന്റേജ് ചാർജ്ജ് | | 10% | 14085 |
| ജി.എസ്.ടി | | 12% | 16902 |

ജി.എസ്.ടി ഇനത്തിൽ 12% തുകയും സെന്റേജ് ചാർജ്ജിനത്തിൽ 10% തുകയും മേൽ പ്രവൃത്തികൾക്ക് നൽകിയത് അംഗീകരിക്കാനാവില്ല. വിശദീകരണം ആവശ്യപ്പെട്ടെങ്കിലും അധികൃതർ ലഭ്യമാക്കിയില്ല.

വിവിധ വാർഡുകളിൽ വാൽവുകൾ സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത 3,08000/- രൂപയുടെ ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല. എസ്റ്റിമെറ്റിന്റെ അബ്സ്ട്രാക്ക് മാത്രമാണ് നൽകിയിട്ടുള്ളത്. എഗ്രിമെന്റ് കാലയളവിനുള്ളിൽ പണിപൂർത്തിക്കിയിട്ടില്ല. എന്നിട്ടും കാലതാമസത്തിന്റെ കാരണം അന്വേഷിച്ച് വാട്ടർ അതോറിറ്റിയുമായി യാതൊരു കത്തിടപാടുകളും അധികൃതർ നടത്തിയിട്ടില്ല.നിലവിൽ പൂർത്തീകരിച്ച നിർമ്മാണം സംബന്ധിച്ച് മോണിറ്ററിംഗ് നടത്തി അപാകതകൾ കണ്ടെത്തി വാട്ടർ അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമില്ല പ്രവൃത്തിയുടെ ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് എന്നിവ വാട്ടർ അതോറിറ്റി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പദ്ധതി നിർവ്വഹണം നിലവിൽ ഏതു ഘട്ടത്തിൽ എത്തി നിൽക്കുന്നുവെന്ന് അധികൃതർക്ക് യാതൊരു രൂപരേഖയുമില്ല. ഇതിനായി ആകെ ചെലവഴിച്ച 8,88000 രൂപ തടസ്സപ്പെടുത്തുന്നു.

## 1-17 സേവിംഗ് കോസ്റ്റ് ഓഫ് ബിറ്റുമിൻ, ടാർ വീപ്പയുടെ വില എന്നിവ തനതുഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു

വിവിധ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകൾ ,എം.ബുക്ക് ഇവ പരിശോധിച്ചതിൽ,സേവിംഗ് കോസ്റ്റ് ഓഫ് ബിറ്റുമിൻ, ടാർ വീപ്പയുടെ വില എന്നിങ്ങനെ കരാറുകാരനിൽ നിന്നും ഈടാക്കുന്ന തുകകൾ ,എതു ഫണ്ടിൽ നിന്നാണോ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളത് ആ ഫണ്ടിൽ ഒടുക്കേണ്ടതിന് പകരം തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതായി

കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിന്റെ പേര് | സേവിംഗ് കോസ്റ്റ് ഓഫ് ബിറ്റുമിൻ | ടാർ വീപ്പയുടെ വില | ഫണ്ടിനം |
|---|---|---|---|
| മുഹമ്മദൻസ് സ്കൂൾ-പാണ്ടിത്തറ റോഡ് പ്രൊട്ടക്ഷൻ(s0062/22) | 9459 | 3091 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) |
| പുലിമുഖത്ത് പി-ഇടമഠത്തിൽപ്പടി റോഡ്(s0076/22) | 7837 | 2810 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) |
| ആലക്കോട്-കനാൽ പാലം റോഡ് റിന്നവേഷൻ (S0081/22) | 2296 | 5901 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) |
| പള്ളികിഴക്കതിൽ പടി-തെങ്ങുവിള പടീറ്റതിൽ റോഡ് സംരക്ഷണം (S0084/22) | - | 5058 | മെയിന്റനൻസ് ഗ്രാന്റ്(റോഡ്) |
| ആകെ | 19592 | 16860 | 36452 |

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/21-22 തീയതി 07-03-2023) മറുപടി ലഭിച്ചില്ല.തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്ത 36452/- രൂപ ബന്ധപ്പെട്ട ഹെഡ്സ് ഓഫ് അക്കൌണ്ടുകളിൽ തിരികെ അടക്കേണ്ടതാണ്.

## 1-18 എം സി എഫ് നിർമ്മാണം -തുക വികസനഫണ്ടിൽ തിരിച്ചടച്ചില്ല.

ചെക്ക് &ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ എം സി എഫ് നിർമ്മാണത്തിനായി 2019-20 വർഷം നൽകിയ തുകയിൽ 7633/- രൂപ (ചെക്ക് നം 646251/23.7.22) ഐ ആർ റ്റി സി പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ഈ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും വികസനഫണ്ടിലേക്ക് തിരികെ അടച്ചിട്ടില്ല . തുക തിരികെ ഒടുക്കി വിശദാംശങ്ങൾ നൽകുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ(നം. 22/തീയതി 6.3.23)അറിയിച്ചു. പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക വികസനഫണ്ടിൽ അടച്ച് വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

## 1-19 തെരുവുവിളക്ക് ദീർഘിപ്പിക്കൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0102/22<br>തെരുവുവിളക്ക് ദീർഘിപ്പിക്കൽ |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) |

ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യചുമതലകളുടെ ഭാഗമായി വാർഡ് 1മുതൽ 15 വരെ വാർഡുകളിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പദ്ധതി ഏറ്റെടുക്കുകയും ധനകാര്യ കമ്മീഷന് ഗ്രാന്റിൽ നിന്ന് താഴെപ്പറയുന്ന ബിൽ പ്രകാരമുള്ള തുകകൾ പിൻവലിച്ച് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എൻജിനീയറുടെ (ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലകടവ്)അക്കൌണ്ടിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | പ്രോസീഡിംഗ്സ് നമ്പർ , തീയതി | തുക |
|---|---|---|
| 1 | 178,09.02.2022 | 9,00,986 |
| 2 | 189,16.02.2022 | 19,555 |
| 3 | 311,31.03.2022 | 33,255 |
| ആകെ | | 9,53,796 |

കെ.എസ്.ഇ.ബി നൽകിയ എസ്റ്റിമേറ്റ് പ്രകാരം തുക നൽകിയിട്ടുണ്ടെങ്കിലും തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം,

ആസ്തിയുടെ വിവരം എന്നിവ ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ചെലവഴിച്ച 953796/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-20 പത്രപ്പരസ്യം നൽകിയത് നിർദ്ദിഷ്ട വിൻഡോ തരത്തിലല്ല-ചെലവ് നഷ്ടം 17,952

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾ നടത്തുന്നതിന്റെ പരസ്യം വിവിധ പത്ര മാധ്യമങ്ങളിൽ നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പത്രത്തിന്റെ പേര് | പരസ്യ ങ്ങളുടെ വിശദാംശം | നിരക്ക് | പരസ്യ ത്തിന്റെ ആകെ വലിപ്പം | അനുവദനീയമായ വലിപ്പം | ആകെ SGST& CGST @2.5 | ഡിസ്കൗണ്ട് (15%) | അധിക മായി നൽകിയ നിരക്ക് |
|---|---|---|---|---|---|---|---|---|
| 24.07.21 | ദേശാഭിമാനി | പദ്ധതി നിർവ്വഹണ ത്തിനായി നൽകിയ പരസ്യം | 180 | 32 | 24 | 4896 (Sgst-122.4 Cgst-122.4) | 864 | 1224 |
| 27.09.21 | ദേശാഭിമാനി | പദ്ധതി നിർവ്വഹണ ത്തിനായി നൽകിയ പരസ്യം | 180 | 32 | 24 | 4896 (Sgst-122.4 Cgst-1 22.4 | 864 | 1224 |
| 06.10.21 | മാതൃഭൂമി | പദ്ധതി നിർവ്വഹണ ത്തിനായി നൽകിയ പരസ്യം | 275 | 40 | 24 | 9350 (Sgst-233.75 Cgst-233.75 | 1650 | 3740 |
| 07.09.21 | മാതൃഭൂമി | പദ്ധതി നിർവ്വഹണ ത്തിനായി നൽകിയ പരസ്യം | 275 | 32 | 24 | 7480 (Sgst-187 Cgst-187 | 1320 | 1870 |
| 11.11.21 | മാതൃഭൂമി | പദ്ധതി നിർവ്വഹണ ത്തിനായി നൽകിയ പരസ്യം | 275 | 32 | 24 | 7480 (Sgst-187 Cgst-187 | 1320 | 1870 |
| 16.02.21 | മാതൃഭൂമി | പദ്ധതി നിർവ്വഹത്തിനായി നൽകിയ പരസ്യം | 275 | 40 | 24 | 8840 (Sgst-221 Cgst-221 | 1650 | 3740 |
| 03.02.22 | ദേശാഭിമാനി | പദ്ധതി നിർവ്വഹണത്തി നായി നൽകിയ പരസ്യം | 180 | 32 | 24 | 4896 Sgst-122.4 Cgst-122.4 | 972 | 1224 |
| 20.02.22 | ദേശാഭിമാനി | പദ്ധതി നിർവ്വഹണത്തി നായി നൽകിയ പരസ്യം | 180 | 36 | 24 | 5508 Sgst-137.8 Cgst-137.8 | 864 | 1836 |
| 17.03.22 | ദേശാഭിമാനി | പദ്ധതി നിർവ്വഹണത്തി നായി നൽകിയ പരസ്യം | 180 | 32 | 24 | 4896 Sgst-122.4 Cgst-122.4 | 972 | 1224 |
| | | | | ആകെ | | | | 17,952 |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ.ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24 ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 17,952/- രൂപയുടെ സാമ്പത്തിക നഷ്ടം

സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അധികമായി ചെലവഴിച്ച 17,952/- രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 പ്രിന്റിങ്ങ് പ്രവൃത്തികൾ നടത്തിയത് സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ക്വട്ടേഷൻ/ ടെൻഡർ നടപടി ക്രമങ്ങളിലൂടെയല്ല -തുക തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷം ചെറിയനാട് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് പ്രിന്റിങ്ങ് പ്രവൃത്തികൾ നടത്തുകയുണ്ടായി.എന്നാൽ പ്രസ്തുത പ്രിന്റിങ്ങ് പ്രവൃത്തികൾ സ്റ്റോർ പർച്ചേസ് മാനവലിന് വിധേയമാക്കി മത്സരവും നീതിയും ഉറപ്പാക്കുന്ന തരത്തിലായിരുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | തുക |
|---|---|---|---|
| 1 | അന്തിമ പദ്ധതി രേഖ | 35 | 28300 |
| | ആകെ | | 28300 |

മേൽ സൂചിപ്പിച്ച പ്രവൃത്തികളും ചെയ്ത് നൽകിയത് “എം.ജി.എം. ഓഫ് സെറ്റ് പ്രിന്റേഴ്സ്, എണ്ണക്കാട് എന്ന സ്ഥാപനമാണ്.

സ്റ്റോർ പർച്ചേസ് മാന്വൽ 2013 (ജി.ഒ.(പി) നം. 03/2013/എസ്.പി.ഡി. തീയതി.21.06.2013 പ്രകാരം സാധന/സേവന സമാഹരണത്തിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ മാന്വലിലെ മാനദണ്ഡങ്ങൾക്ക് വിധേയമാക്കണം എന്ന് ഖണ്ഡിക (1.3) ൽ പ്രതിപാദിക്കുന്നുണ്ട്. എസ്റ്റിമേറ്റ് തുക 15000/- രൂപയ്ക്ക് മുകളിലുള്ള എല്ലാ സാധന/സേവന സമാഹരണത്തിലും സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക (7.6)മുതൽ (7.31)വരെ പ്രകാരം ക്വട്ടേഷൻ/ 'ടെൻഡർ നടപടി പാലിച്ചിരിക്കണം എന്ന നിഷ്കർഷിച്ചിട്ടുണ്ട്. സ്റ്റോർ പർച്ചേസ് നിയമവും ചട്ടങ്ങളും ബന്ധപ്പെട്ട നിർദ്ദേശങ്ങളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ബാധകമാണ് എന്നിരിക്കെ മേൽ സൂചിപ്പിച്ച സേവനസമാഹാരങ്ങൾക്ക് പ്രസ്തുത വ്യവസ്ഥകൾ ബാധകമാക്കാതിരുന്നതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കാൻ ഓഡിറ്റ് എൻക്വയറി(നമ്പർ-4/02.03.23)നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ പ്രവൃത്തിയ്ക്കായി ചെലവഴിച്ച 28300/-രൂപ തടപ്പെടുത്തുന്നു.

## 1-22 നൽകിയ മുഴുവൻ തുകയ്ക്കുള്ള മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭിച്ചില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി എച്ച് സി / സി എച്ച് സി

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

മെഡിക്കൽ ഓഫീസർ നിർവഹിച്ച പദ്ധതികളിൽ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവക്കായി കെ എം എസ് സി എൽ ന് നൽകിയ തുകക്ക് ആനുപാതികമായി മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭിച്ചില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ബിൽ നം.തീയതി | നൽകിയ തുക | ലഭിച്ച മരുന്ന്. | കിട്ടാനുള്ള മരുന്ന് |
|---|---|---|---|---|---|
| 14/22 | ഫാമിലി ഹെൽത്ത് സെന്ററിന് സികെഡി മരുന്ന് വാങ്ങൽ | 3/21-22 /23.12.21 | 4,00,000/- | 3,51,560/- | 48440/- |
| 16/22 | ഫാമിലി ഹെൽത്ത് സെന്ററിന് മരുന്ന് വാങ്ങൽ | 4/21-22 /23.12.21 | 4,00,000/- | 2,67,208/- | 132792/- |
| 15/22 | പാലിയേറ്റീവ് കെയർ മരുന്നുകൾ | 8/21-22 /07.01.22 | 78840/- | 31526/- | 47314/- |
| | സഹായഉപകരണങ്ങൾ | 9/21-22 /07.01.22 | 39895/- | 31886/- | 8009/- |
| ആകെ | | | 918735/- | 682180/- | 236555 |

അവശേഷിക്കുന്ന മരുന്നുകൾ, ഉപകരണങ്ങൾ എന്നിവക്കായി ചെലവഴിച്ച 236555/- രൂപ തടസ്സപ്പെടുത്തുന്നു. നൽകിയ മുഴവൻ തുകക്കുമുള്ള മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി കെ എം എസ് സി എൽ ന് ഇ-മെയിൽ നൽകിയിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണം നം.15/4.3.23 ന് മറുപടി നൽകിയത്. ഇവ പൂർണ്ണമായി ലഭിച്ചതിന്റെ

രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 സാമൂഹ്യ സുരക്ഷ പെൻഷൻ - മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ തഴക്കര ഗ്രാമ പഞ്ചായത്തിലെ 2021-22 കാലയളവിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ സസ്പെൻഡ് ചെയ്യാതെ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | കബീർ<br>താഴം വിള തെക്കേതിൽ, കൊല്ലകടവ് | വാർദ്ധക്യകാല പെൻഷൻ | 104660202425 | 9.05.22 | 18.05.22 | 6/22-12/22 | 11200 |
| 2 | ശാരദാമ്മ<br>പുത്തൻ പുരയ്ക്കൽ, ചെറുവല്ലൂർ, കൊല്ലകടവ് | വാർദ്ധക്യകാല പെൻഷൻ | 104660200797 | 06.05.22 | 18.05.22 | 6/22-12/22 | 11200 |
| | | | | | ആകെ | | 22400 |

ധനകാര്യ(എസ്.എഫ്.ഡി)വകുപ്പിന്റെ 02.08.21ലെ സർക്കുലർ 63/2021 ധന.പ്രകാരം മരണപ്പെട്ടവരേയും നിശ്ചിത മാനദണ്ഡ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്ത ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തത് മൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക പ്രാദേശിക സർക്കാരിൽ നിന്നും ഈടാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽപ്പറഞ്ഞ ഗുണഭോക്താവിന്റെ പെൻഷൻ സ്റ്റാറ്റസ് നിലവിലും ആക്ടീവായാണ് കാണുന്നത്. ടി വിഷയത്തിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.27/07.03.2023) മറുപടി ലഭ്യമാക്കിയില്ല. ഇപ്രകാരം മരണപ്പെട്ടതും അക്കൗണ്ട് ആക്ടീവായും നിലനിൽക്കുന്ന കൂടുതൽ ഗുണഭോക്താക്കളുണ്ടോയെന്ന് പരിശോധിച്ച് അനർഹരെ ഒഴിവാക്കേണ്ടതും അനർഹമായി കൈമാറിയ തുക തിരികെ ഈടാക്കി സർക്കാർ ഫണ്ടിൽ ഒടുക്കേണ്ടതുമാണ്.

## 1-24 മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല . - ചെലവ് തുക 23002/- രൂപ തടസ്സത്തിൽ വയ്ക്കുന്നു .

പ്രോജക്ട് നം.43/22

പ്രോജക്ടിന്റെ പേര് : ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

നിർവഹണം - മെഡിക്കൽ ഓഫീസർ, ആയുർവേദം

ചെലവ് 1) ട്രഷറി ബിൽ നം . 21070252009500497457/04-10-21, 400000/-

2) ട്രഷറി ബിൽ നം. 21070252009501195174/24-02-22, 300000/-

മേൽ പ്രോജക്ടിന്റെ നിർവഹണത്തിനായി 7,00,000/- രൂപ പിൻവലിച്ച് ഔഷധി ഫാർമസ്യൂട്ടിക്കൽസിന് നൽകിയിട്ടുണ്ട്. 676998/- രൂപയുടെ മരുന്ന് മാത്രമെ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. ബാക്കി 23002/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/2021-22 ന് നൽകിയ മറുപടിയിൽ മരുന്നുകൾ കിട്ടുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-25 ഐ.കെ.എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല -തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം. വിഹിതം നൽകൽ |
| ഫണ്ടിനം, | വികസനഫണ്ട്(ജനറൽ) |
| ബിൽ നമ്പർ,തുക | 28/21-22, 61,378 തീയതി 16.09.21 |

ഗ്രാമ പഞ്ചായത്തിന്റെ ഐ.കെ.എം-നുള്ള വിഹിതമായി 61378/- രൂപ ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമായിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. ഐ.കെ.എം.- ൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ-7/21-22 തീയതി 03.03.2023 ൽ നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച 61378/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 എസ്.എസ്.എ വിഹിതം നൽകൽ- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | S0004/22എസ്.എസ്.എ വിഹിതം നൽകൽ |
| ഫണ്ടിനം, | വികസനഫണ്ട്(ജനറൽ) |
| ബിൽ നമ്പർ,തുക | 23/21-22, 53000തീ.16.09.21 |

ചെറിയനാട് ഗ്രാമ പഞ്ചായത്ത് എസ്.എസ്.എ. വിഹിതമായി 53,000/- രൂപ എസ്.എസ്.എ. യുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. ടി തുക കൈപ്പറ്റിയതിന്റെ രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ലഭ്യമല്ല. രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നമ്പർ-08/02.03.2023). പരാമർശ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവഴിച്ച 53000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 പ്രൊഫോർമ ഇൻവോയിസിൽ രേഖപ്പെടുത്തിയ തുകയിൽ നിന്നും കൂടിയ നിരക്കിൽ സാധനം സപ്ലൈ ചെയ്തു.-

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, പി എച്ച് സി / സി എച്ച് സി

ഫണ്ട് - വികസനഫണ്ട് (പൊതുവിഭാഗം)

പദ്ധതിയുടെ പേര് -പാലിയേറ്റീവ് കെയർ

അടങ്കൽ -6,00,000/-

ആകെ ചെലവ് - 4,58,875/-

ഉപകരണങ്ങളുടെ ചെലവ് - 39895/- (9/21-22/07.01.22)

കെ എം എസ് സി എൽ ന്റെ പ്രൊഫോർമ ഇൻവോയിസ് (4335/21.12.21 ) പ്രകാരം വീൽചെയർ (ലൈഫ് കെയർ) , വീൽ ചെയർ വിത്ത് കമ്മോഡ് എന്നിവക്ക് നികുതികളുൾപ്പെടെയുള്ള വില യഥാക്രമം 4330/- രൂപയും 6188/- രൂപയുമാണ്. എന്നാൽ വിതരണം ചെയ്തപ്പോൾ ഈ ഉപകരണങ്ങൾക്ക് ഈടാക്കിയ തുക യഥാക്രമം 4869/- രൂപ (INV No.2466/18.5.22) യും 7945/- (INV No.11982/24.9.22) രൂപയുമാണ് . വീൽചെയർ (ലൈഫ് കെയർ) , വീൽ ചെയർ വിത്ത് കമ്മോഡ് എന്നിവ രണ്ട് വീതമാണ് ആവശ്യപ്പെട്ടത്. എന്നാൽ ഇവ ഓരോന്നാണ് വിതരണം ചെയ്തിട്ടുള്ളത്.

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/4.3.23) , പ്രസ്തുത വിവരം കാരുണ്യഫാർമസിയിൽ അന്വേഷിച്ചപ്പോൾ ഉപകരണങ്ങളുടെ ലഭ്യതയും ബ്രാന്റും അനുസരിച്ച് വിലയിൽ വ്യത്യാസം വരുമെന്ന് അറിയിച്ചു എന്നാണ് മറുപടി നൽകിയത്. ഇൻവോയിസിൽ നിന്നും വ്യത്യസ്തമായി വീൽചെയറുകൾക്ക് അധികവില ഈടാക്കിയത് കെ എം എസ് സി എൽ നെ രേഖാമൂലം അറിയിക്കേണ്ടതും ശേഷിക്കുന്ന തുകക്ക് പകരം മറ്റേതെങ്കിലും ഇനം നൽകുന്നത് ഒഴിവാക്കി ആവശ്യപ്പെട്ടത് പ്രകാരമുള്ള എണ്ണം വീൽചെയറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവഹണഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതുമാണ്. രണ്ട് ഉപകരണങ്ങൾക്കുമായി അധികം ചെലവഴിച്ച 2296/- [539 (4869 -4330) + 1757 (7945-6188)] രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 ഭവന പുനരുദ്ധാരണം - പ്രവർത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

1) പ്രോജക്ട് നം - 20/2022

പ്രോജക്ടിന്റെ പേര് - ഭവന പുനരുദ്ധാരണം (ജനറൽ )

നിർവഹണം - വി.ഇ.ഒ.

മേൽ പ്രോജക്ട് പ്രകാരം 15 ഗുണഭോക്താക്കൾക്ക് 30000/- രൂപ ക്രമത്തിൽ അഡ്വാൻസ് നൽകിയിട്ടുണ്ട് . ടി ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ച് അടുത്ത ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/2021-22 ന് നൽകിയ വിശദീകരണത്തിൽ 13 പേർ പ്രവർത്തി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട് . ബാക്കി 2 പേരുടെ വിശദാംശം ചുവടെ ചേർക്കുന്നു .

എ) മധു.റ്റി.പി , തിരുവമ്പാടിയിൽ , ചെറിയനാട്

ബി) നജീബ്മോൻ പി.എം , പുത്തൻപാലം , കൊല്ലകടവ്

2) പ്രോജക്ട് നം - 21/2022

പ്രോജക്ടിന്റെ പേര് - ഭവന പുനരുദ്ധാരണം (എസ്.സി. )

നിർവഹണം - വി.ഇ.ഒ.

മേൽ പ്രോജക്ട് പ്രകാരം 15 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട് . ഇതിൽ 03 ഗുണഭോക്താക്കൾ 50000/-രൂപ വീതം അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പ്രവർത്തി പൂർത്തീകരിച്ച് ബാക്കി തുക കൈപ്പറ്റിയിട്ടില്ല . വിക്രമൻ , ജാനമ്മ , മണിയമ്മ എന്നിവരാണ് ഗുണഭോക്താക്കൾ . ടി ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ച് അടുത്ത ഗഡു കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/2021-22 ന് നൽകിയ വിശദീകരണത്തിൽ വിക്രമൻ , ജാനമ്മ എന്നീ ഗുണഭോക്താക്കൾ പ്രവർത്തി പൂർത്തീകരിച്ചതായി അറിയിച്ചിട്ടുണ്ട് . മണിയമ്മ എന്ന ഗുണഭോക്താവിനെക്കൊണ്ട് പ്രവർത്തി പൂർത്തീകരിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് .

മേൽ സൂചിപ്പിച്ചിട്ടുള്ള മൂന്ന് ഗുണഭോക്താക്കളെക്കൊണ്ട് പ്രവർത്തി പൂർത്തീകരിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ് . മേൽ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 110000/- രൂപ താൽക്കാലികമായി തടസ്സത്തിൽ വയ്ക്കുന്നു.

## 1-29 തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ വർക്കുകളിൽ നിന്ന് ജി.എസ്.ടി ഈടാക്കുന്നില്ല

ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ നിന്ന് 2% തുക ജി.എസ്സ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.കൂടാതെ 30-07-2019 ലെ സർക്കുലർ നം957/ഇ.ജി.എസ്സ്.-സി/16/എൻ.ആർ.ഇ.ജി.എസ്സ് പ്രകാരം അന്തിമ ബിൽ അനുസരിച്ചുള്ള ജി.എസ്.ടി തുക സപ്ലെയർ ഗ്രാമ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന തുക സെക്രട്ടറി യഥാസമയം ജി.എസ്.ടി വകുപ്പിൽ അടക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2021-22 വർഷം, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ താഴെപ്പറയുന്ന മെറ്റീരിയൽ വർക്കിൽ സാധന സാമഗ്രികൾ സപ്ളൈ ചെയ്യുന്ന കരാറുകാരനിൽനിന്നും 2% ജി.എസ്സ്.ടി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല.

| വർക്കിന്റെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയൽ കോസ്റ്റായി അനുവദിച്ച തുക | ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ട ജി.എസ്. ടി |
|---|---|---|---|
| മണ്ണിലേത്ത്റോഡ് കോൺക്രീറ്റിംഗ്(വാർഡ്3) | ശ്രീ.രാജു.റ്റി.ബി അമ്പാടി നെട്ടുവരംകോട് പി.ഒ ചെറിയനാട് | 388203 | 7764 |

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26 തീയതി07-03-2023) മറുപടി ലഭ്യമാക്കിയില്ല.ടി തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കി ജി.എസ്.ടി വകുപ്പിൽ തിരികെ അടക്കേണ്ടതാണ്.

## 1-30 അങ്കണവാടികളുടെ പ്രവർത്തനം - അവലോകനം

ചെറിയനാട് ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഓഡിറ്റ് അന്വേഷണം നം.10/3.3.23ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ചെറിയനാട് ഗ്രാമ പഞ്ചായത്ത് പരിധിയിൽ 23 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 10 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പതിനൊന്ന് അങ്കണവാടികൾക്ക് സ്വന്തം കെട്ടിടങ്ങളുണ്ടായിരുന്നു. അതിലൊന്നിന് അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ഇപ്പോൾ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതുൾപ്പെടെ പതിനൊന്ന് എണ്ണം വാടക കെട്ടിടത്തിലും രണ്ടെണ്ണം വാടക രഹിത കെട്ടിടങ്ങളിലും പ്രവർത്തിക്കുന്നു. രണ്ടെണ്ണത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ടെന്നും ഇതിന്റെ നിർമ്മാണം 2023-24 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. എല്ലാ അങ്കണവാടികളും ഫിറ്റ്നെസ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

23 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. എട്ട് എണ്ണത്തിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റാണുള്ളത്. 13 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 23 അങ്കണവാടികളിലും വൈദ്യുതി, കുടിവെള്ളം (പൈപ്പ് -13, കിണർ -10 ) എന്നിവ ലഭ്യമാണ്. എട്ടെണ്ണത്തിൽ വാട്ടർ പ്യൂരിഫെയറും ഉള്ളതായി മറുപടി നൽകി. എല്ലാ അങ്കണവാടികളിലും ഹാൾ വേർതിരിച്ച് അടുക്കളയ്ക്ക് പ്രത്യേകസൌകര്യം ചെയ്തിട്ടുണ്ട്. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ഫാൻ, ധാന്യസംഭരണികൾ , ഭക്ഷ്യസംഭരണികൾ എന്നിവയും ഉണ്ട്. 4 അങ്കണവാടികളിൽ ടെലിവിഷനും ഒരു അങ്കണവാടിയിൽ സ്മാർട്ട് ക്ലാസ്സ് റൂമും ഉണ്ട്. . മാതൃകാ അങ്കണവാടികൾ നിലവിലില്ല. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനും ചുറ്റുമതിലുൾപ്പെടെയുള്ള അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളൊരുക്കി അങ്കണവാടികളുടെ നിലവാരം കൂടുതൽ മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-31 ഹരിതകർമ്മസേനയുടെ പ്രവർത്തനം -അവലോകനം.

ചെറിയനാട് ഗ്രാമപഞ്ചായത്തിൽ ജൂലായ്,2020 ൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചെങ്കിലും കാര്യക്ഷമമായ പ്രവർത്തനം തുടങ്ങിയത് 2021,ആഗസ്റ്റ് മുതലാണ്. നിലവിൽ പതിനഞ്ച് വാർഡുകളിലേക്കായി 30അംഗങ്ങളുണ്ട്. ഹരിതകർമ്മസേനാകൺസോർഷ്യം രൂപീകരിച്ചാണ് പ്രവർത്തനം നടക്കുന്നത്. 10.8.21ൽ ജില്ലാ സഹകരണ ബാങ്കിന്റെ കൊല്ലകടവ് ശാഖയിലാണ് കൺസോർഷ്യത്തിന്റെ അക്കൌണ്ട് ആരംഭിച്ചത്.(അക്കൌണ്ട് നം.1024391) ജൂലായ് ,2020 മുതൽ ജൂലായ് ,2021 വരെയുള്ള കാലയളവിലെ ഹരിതകർമ്മസേനയുടെ വരുമാനം (2,41,260/- രൂപ) പഞ്ചായത്തിന്റെ അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായി ഹരിതകർമ്മസേനയുടെ സെക്രട്ടറി അറിയിച്ചു. 2021-22 വർഷം അസി.സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി ഹരിതകർമ്മ സേനക്ക് വിജിഎഫ് എന്ന പദ്ധതി(പ്രോജക്റ്റ് നം.105/22) നടപ്പാക്കി 1,97,100/-രൂപ ഹരികർമ്മസേനയുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. 21.2.23ൽ കൺസോർഷ്യം അക്കൌണ്ടിലെ നീക്കിയിരുപ്പ് 3,93,451/-രൂപയാണ്.

വീടുകളിൽ നിന്ന് 50 രൂപയും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 100രൂപയും ആണ് യൂസർഫീസ് ഈടാക്കുന്നത്. പഞ്ചായത്ത് ഫണ്ടുപയോഗിച്ചാണ് രസീത്ബുക്കുകൾ അച്ചടിക്കുന്നത്. രസീത്ബുക്കുകളുടെ എണ്ണം, ഉപയോഗം എന്നിവയുടെ വിവരം അടങ്ങുന്ന സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പൊതുജനങ്ങളും സ്ഥാപനങ്ങളും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ നല്ല രീതിയൽ സഹകരിക്കുന്നില്ല എന്നും 25 മുതൽ 30% ആൾക്കാർ മാത്രമാണ് യൂസർഫീയും പ്ലാസ്റ്റിക്കും നൽകുന്നതെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ (നം.1/2.3.23)അറിയിച്ചത്.യൂസർഫീസ് കൂടാതെ ക്ലീൻകേരളാ കമ്പനി ശേഖരിക്കുന്ന പ്ലാസ്റ്റിക്കിന് നൽകുന്ന വിലയും കൺസോർഷ്യത്തിന്റെ വരവിലുൾപ്പെടുന്നു. കടയിക്കാടാണ് പഞ്ചായത്തിന്റെ എംസിഎഫ് പ്രവർത്തിക്കുന്നത്. ആകെ 17200 കിലോഗ്രാം പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചിട്ടുണ്ടെന്നും പ്ലാസ്റ്റിക്കിന്റെ വിലയായി ക്ലീൻകേരള കമ്പനിയിൽ നിന്നും 80364/- രൂപ ലഭിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചു. ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ് , ക്ലീൻ കേരള കമ്പനിക്ക് നൽകുന്ന പ്ലാസ്റ്റിക്കിന്റെ അളവ് എന്നിവയുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. 2022-23വർഷമാണ് ഹരിതകർമ്മസേനക്ക് വേയിംഗ് മെഷീൻ വാങ്ങി നൽകിയത്.

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നം. 10394-ഡി-2017/കെ.എസ്.എച്ച്.ഒ തീയതി 23.4.2018 ഉത്തരവിന്റെ ഖണ്ഡിക 6.1 പ്രകാരം ഹരിതകർമ്മസേനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഫലപ്രാപ്തിയിലെത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ട നിയമപരമായ ഇടപെടലുകൾ നടത്തുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലകളാണ്. അതിനാൽ പൊതുജനങ്ങളെ വേണ്ടവിധം ബോധവൽക്കരിച്ച് ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കാൻ ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ് . എല്ലാ മാസവും ഹരിത കർമ്മ സേനാംഗങ്ങളും വാർഡ് മെമ്പർമാരും ഉദ്യോഗസ്ഥരും പങ്കെടുത്തു കൊണ്ട് റിവ്യൂ മീറ്റിംഗുകൾ നടത്തുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യണം. അജൈവമാലിന്യങ്ങൾ

വാങ്ങുന്നതിന് തയ്യാറുള്ള വിവിധ സ്ഥാപനങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ രീതിയിൽ തരംതിരിച്ച് സൂക്ഷിക്കുന്നതിനും അത് പരമാവധി വരുമാനം ലഭിക്കാവുന്ന രീതിയിൽ വിപണനം ചെയ്യുന്നതിനും ഹരിത കർമ്മസേനയെ പരിശീലിപ്പച്ചെടുക്കുവാനുള്ള നടപടികളും കൈകൊണ്ട് ഹരികർമ്മസേനയുടെ പ്രവർത്തനം ഊർജിതമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 ലൈഫ് ഭവന പദ്ധതി - അവലോകനം

സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും ഭവനം ലഭ്യമാക്കുക, മുൻകാലങ്ങളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക, വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുക, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുക തുടങ്ങിയവ ലൈഫ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 11/21-22/03-03-2023 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു .

1 ) ഗുണഭോക്താക്കളുടെ വിശദാംശം

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2021-22 | 4 | 5 | 1 | 3 | 17 | 5 |

2 ) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2021-22 | 1940000/- | 812000/- | 1160000/- | - | 300000/- | 4212000/- |

## 1-33 തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തെ അവിദഗ്ധ തൊഴിൽ ദിനങ്ങൾ ആവശ്യാധിഷ്ഠിതമായി പ്രദാനം ചെയ്യുന്നതോടൊപ്പം പ്രകൃതി വിഭവ പരിപാലനവുമായി ബന്ധപ്പെട്ട പൊതു ആസ്തികളും ദുർബല ജനവിഭാഗങ്ങൾക്കായി ഈടുറ്റതും ഗുണമേൻമയുള്ളതും ഉൽപാദനക്ഷമവുമായ ഉപജീവനാസ്തികളും സൃഷ്ടിക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനം.12/2021-22 ന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ ചെറിയനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആക്ഷൻ പ്ലാൻ അനുസരിച്ച് 2021-22 സാമ്പത്തിക വർഷത്തിൽ 658 പ്രവർത്തികൾക്ക് അനുമതി ലഭിച്ചു. തൻവർഷത്തിൽ 26 സ്പിൽ ഓവർ പ്രവർത്തികളും 131 പുതിയ പ്രവർത്തികളും ഉൾപ്പെടെ 181 പ്രവർത്തികൾ ഏറ്റെടുത്തിരുന്നു. ഇതിൽ തൻ വർഷം 27 സ്പിൽ ഓവർ പ്രവർത്തികളും 95 പുതിയ പ്രവർത്തികളും പൂർത്തിയാക്കി. തൻവർഷം പുതിയതായി രജിസ്റ്റർ ചെയ്ത തൊഴിലാളികളുൾപ്പെടെ ആകെ തൊഴിലാളികളുടെ എണ്ണം 5657 ആണ്. രജിസ്റ്റർ ചെയ്ത എല്ലാ തൊഴിലാളികൾക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ആർക്കും തൊഴിലില്ലായ്മ വേതനം നൽകിയിട്ടില്ല. തൊഴിലാളികൾക്ക് അവർ താമസിക്കുന്ന സ്ഥലത്തിന്റെ 05 കിലോമീറ്റർ ചുറ്റളവിൽ തൊഴിൽനൽകാൻ സാധിക്കുന്നുണ്ട്. മേൽ വർഷത്തിൽ 214 കുടുംബങ്ങൾ 100 തൊഴിൽ ദിനം പൂർത്തീകരിച്ചു.

മേൽ വർഷത്തിൽ ആകെ ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.

| വേജസ് | മെറ്റീരിയൽസ് | അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് | ആകെ |
|---|---|---|---|
| 19320830/- | 2140908/- | 379340/- | 21841078/- |

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കെട്ടിടങ്ങളെ പ്രവേശനമാർഗ്ഗത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ചുമത്തിയില്ല-

അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക- 2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. എന്നാൽ ചുവടെ ചേർത്ത കെട്ടിടത്തിന്റെ നികുതിനിർണ്ണയം സംബന്ധിച്ച ഫയലിലെ *കംപ്ലീഷൻ പ്ലാൻ* പ്രകാരം കെട്ടിടത്തിന് അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുണ്ടായിരുന്നിട്ടും ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ഒഴിവാക്കപ്പെട്ടു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിടത്തിന്റെ നമ്പർ | കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തു നികുതി | പുനർ നിർണ്ണയിക്കേണ്ട വസ്തു നികുതി(വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ഉൾപ്പടെ) | വ്യത്യാസം |
|---|---|---|---|---|---|
| ശ്രീനിവാസൻ ശ്രീനിവാസ ഭവനം, പാറേൽപ്പടി, ചെറിയനാട് | 336/A | 22.75 | 1365 | 1638 | 273 |
| പി.എൽ.സരസമ്മ കാശി തീർത്ഥം, മാമ്പ്ര | 474/A | 336.9 | 2695 (മേഖല അടിസ്ഥാനത്തിലുള്ള ഇളവ്-10%) അടിസ്ഥാന വസ്തു നികുതി-2425.68 | 2911 | 216 |
| | | | ആകെ | | 498 |

വാണിജ്യ കെട്ടിടങ്ങളാണ് മുകളിൽ സൂചിപ്പിച്ചുള്ളത്. വസ്തുനികുതിയിൽ ഉണ്ടായ കുറവ് സംബന്ധിച്ച് ശ്രദ്ധയിൽപ്പെടുത്തുന്നു. വസ്തു നികുതി ഇനം കണക്കാക്കുമ്പോൾ ഇത്തരത്തിലുള്ള പിഴവുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പരാമർശിതമായ വ്യക്തികളുടെ നികുതി പുനർനിർണ്ണയിച്ച് ആകെ നഷ്ടമാകുകയായ 498/-രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 2-2 ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപനതൊഴിൽ നികുതിയും ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ചുവടെകൊടുക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതിയും, സ്ഥാപനതൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ചെറിയനാട് KUCS-A177(D)Apcos |
| 2 | ഇടമുറി KUCS -A225(D) Apcos |
| 3 | തുരുത്തിമേൽ KUCS-A178(D) Apcos |
| 4 | ആലക്കോട് KUCS-A125(D) Apcos |

മേൽ സ്ഥാപനങ്ങളെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 24/21-22 തീ.07.03.23) നൽകിയ മറുപടിയിൽ ഡിമാന്റ് ചെയ്തിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(A) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

2021-22 സാമ്പത്തികവർഷം ചെറിയനാട് സബ്ബ് രജിസ്ട്രാർ ഓഫീസിൽ നിന്നുംതൊഴിൽ നികുതി അടവാക്കിയതിൽ ഒരു ജീവനക്കാരിയുടെ നികുതി അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായ നിരക്കിൽ നിന്നും കുറവായിട്ടാണ് അടവ് വരുത്തിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| പേര് | തസ്തിക | ഓഫീസ് | അർദ്ധ വാർഷിക വരുമാനം | അടവാക്കിയ തുക | അടയ്ക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|
| സാവിത്രി | പാർട്ട് ടൈം സ്വീപ്പർ | സബ്ബ് രജിസ്ട്രാർ ഓഫീസ്, ചെറിയനാട് | 124368 | 750 | 1000 | 250 |

അർദ്ധവാർഷികപത്രിക സമർപ്പിക്കുമ്പോൾ വരുമാനത്തിന് അനുസൃതമായ നിരക്കിൽ(സ്ലാബിൽ) നികുതി ഒടുക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം- കരാറുകാരന് തുക അധികം നൽകി

പ്രോജക്റ്റ് നം. S0097/22
പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം
അടങ്കൽ 5,00,000/-(തനതു ഫണ്ട്)
ചെലവ് :-ബിൽ നം. 4,05,652/-തീയതി
പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ വിശദമായി പരിശോധിച്ചതിൽ, ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് ഇനം .6 “Steel Work Welded In Built Up Sections/framed Work.........brackets,gatesand Similar Works” (എം.ബുക്ക് പേജ് നം. 5-ൽ) ഗ്രിൽ സ്ക്വയർ റോഡ് -40 എം.എം 23.8 Mm അളവിന് പകരം 63.30m.m എന്ന് തെറ്റായി കണക്ക് കൂട്ടി കരാറുകാരന് താഴെപ്പറയും പ്രകാരം തുക അധികം നൽകിയിട്ടുണ്ട്.

| ഇനം | യഥാർത്ഥ അളവ് (കി.ഗ്രാം) | രേഖപ്പെടുത്തിയ അളവ്(കി.ഗ്രാം) | വ്യത്യാസം | അനുവദനീയമായ തുക | അനുവദിച്ച തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 40 എം.എം സ്ക്വയർറോഡ്- | 23.8mm= 23.8*1.78= 42.36കി.ഗ്രാം | 63.30m.m= 63.30*1.78= 112.67കി.ഗ്രാം | 39.5m.m= 39.5*1.78= 70.31കി.ഗ്രാം | 42.36കി.ഗ്രാം @ 127/kg = 5380 | 112.67കി.ഗ്രാം @127/kg=14309 | 14309-5380= 8929+1071(ജി.എസ്സ്.ടി |

ജി.എസ്സ്.ടി ഉൾപ്പടെ 10000/- രൂപ അധികം ചെലവഴിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 6/2021-22തീയതി 03-03-2023) മറുപടി ലഭിച്ചില്ല.ആകയാൽ കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

### 3-2 52ാം നം. അംഗൻവാടിക്ക് സൌകര്യം വർദ്ധിപ്പിക്കൽ-കരാറുകാരന് തുക അധികം നൽകി

പ്രോജക്റ്റ് നം.s0061/22
52ാം നം. അംഗൻവാടിക്ക് സൌകര്യം വർദ്ധിപ്പിക്കൽ
മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്):- 4,00,000/-
എം.ബുക്ക് നം.164/21
ചെലവ് :- ബിൽ നം.350511/-തീയതി
പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവ പരിശോധിച്ചതിൽ, ഡിറ്റെയിൽഡ് എസ്റ്റിമേറ്റ് ഇനം .8 “Steel Work Welded In Built Up Sections/framed Work Including Cutting,hoisting Fixing In Position And Applying Apriming Coat Of Aaproved.......gates And Similar Works(എം.ബുക്ക് പേജ് നം. –7 ൽ)സ്ക്വയർ ട്യൂബ്( 25x25) - 66.29 Mm അളവിന്

പകരം 136.49m.m എന്ന് തെറ്റായി കണക്ക് കൂട്ടി കരാറുകാരന് താഴെപ്പറയും പ്രകാരം തുക അധികം നൽകിയിട്ടുണ്ട്.

| ഇനം | യഥാർത്ഥ അളവ് (കി.ഗ്രാം) | രേഖപ്പെടുത്തിയ അളവ്(കി.ഗ്രാം) | വ്യത്യാസം | എം.ബുക്ക് പ്രകാരം മെഷ് ഉൾപ്പടെ ആകെ അളവ് | അനുവദിച്ചതുക (Limited To Agreed Quantity ) | അനുവദനീയമായ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|---|
| ഗ്രിൽ സ്ക്വയർ ട്യൂബ്( 25x25)- | 66.29mm= 66.29*1.01= 66.95കി.ഗ്രാം | 136.49m.m= 136.49*1.01= 137.85കി.ഗ്രാം | 70.9m.m= 70.9*1.01= 71കി.ഗ്രാം | 137.85+46.85 =184.70 കി.ഗ്രാം | 150കി.ഗ്രാം @ 160.92/kg = 24138/- രൂപ | 66.95+46.85 113.8@ 160.92/kg = 18313 | 5825+699(ജി.എസ്.ടി) =6524/- |

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 23/2021-22 തീയതി 07-03-2023) നിർവഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭിച്ചില്ല. കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡ്സ് ഓഫ് അക്കൌണ്ടുകളിൽ തിരിച്ചടക്കേണ്ടതാണ്.

## 3-3 തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ വർക്കുകളിൽ നിന്ന് ജി.എസ്.ടി-ഈടാക്കുന്നില്ല

ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ നിന്ന് 2% തുക ജി.എസ്സ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.കൂടാതെ 30-07-2019 ലെ സർക്കുലർ നം957/ഇ.ജി.എസ്സ്.-സി/16/എൻ.ആർ.ഇ.ജി.എസ്സ് പ്രകാരം അന്തിമ ബിൽ അനുസരിച്ചുള്ള ജി.എസ്.ടി തുക സപ്ലെയർ ഗ്രാമ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന തുക സെക്രട്ടറി യഥാസമയം ജി.എസ്.ടി വകുപ്പിൽ അടക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2021-22 വർഷം, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ താഴെപ്പറയുന്ന മെറ്റീരിയൽ വർക്കിൽ സാധന സാമഗ്രികൾ സപ്ളൈ ചെയ്യുന്ന കരാറുകാരനിൽനിന്നും 2% ജി.എസ്സ്.ടി ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല.

| വർക്കിന്റെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയൽ കോസ്റ്റായി അനുവദിച്ച തുക | ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ട ജി.എസ്. ടി |
|---|---|---|---|
| മണ്ണിലേത്ത്റോഡ് കോൺക്രീറ്റിംഗ്(വാർഡ്3) | ശ്രീ.രാജു.റ്റി.ബി അമ്പാടി നെട്ടുവരംകോട് പി.ഒ ചെറിയനാട് | 388203 എഫ്.റ്റി.ഒ. നം.1611005003 | 7764 |

മേൽ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26 തീയതി07-03-2023) മറുപടി ലഭ്യമാക്കിയില്ല.ടി തുക കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കി ജി.എസ്.ടി വകുപ്പിൽ തിരികെ അടക്കേണ്ടതാണ്.

## 3-4 പത്രപ്പരസ്യം നൽകിയത് നിർദ്ദിഷ്ട വിൻഡോ തരത്തിലല്ല-ചെലവ് നഷ്ടം 17,952

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾ നടത്തുന്നതിന്റെ പരസ്യം വിവിധ പത്ര മാധ്യമങ്ങളിൽ നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പത്രത്തിന്റെ പേര് | പരസ്യ ങ്ങളുടെ വിശദാംശം | നിരക്ക് | പരസ്യ ത്തിന്റെ ആകെ വലിപ്പം | അനുവദനീയമായ വലിപ്പം | ആകെ SGST& CGST @2.5 | ഡിസ്കൌണ്ട് (15%) | അധിക മായി നൽകിയ നിരക്ക് |
|---|---|---|---|---|---|---|---|---|
| 24.07.21 | ദേശാഭിമാനി | പദ്ധതി നിർവ്വഹണ ത്തിനായി നൽകിയ പരസ്യം | 180 | 32 | 24 | 4896 (Sgst-122.4 Cgst-122.4) | 864 | 1224 |
| 27.09.21 | ദേശാഭിമാനി | പദ്ധതി നിർവ്വഹണ ത്തിനായി | 180 | 32 | 24 | 4896 (Sgst-122.4 | 864 | 1224 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | നൽകിയ പരസ്യം | | | | Cgst-1 22.4 | | |
| 06.10.21 | മാതൃഭൂമി | പദ്ധതി നിർവ്വഹണ ത്തിനായി നൽകിയ പരസ്യം | 275 | 40 | 24 | 9350 (Sgst- 233.75 Cgst-233.75 | 1650 | 3740 |
| 07.09.21 | മാതൃഭൂമി | പദ്ധതി നിർവ്വഹണ ത്തിനായി നൽകിയ പരസ്യം | 275 | 32 | 24 | 7480 (Sgst-187 Cgst-187 | 1320 | 1870 |
| 11.11.21 | മാതൃഭൂമി | പദ്ധതി നിർവ്വഹണ ത്തിനായി നൽകിയ പരസ്യം | 275 | 32 | 24 | 7480 (Sgst-187 Cgst-187 | 1320 | 1870 |
| 16.02.21 | മാതൃഭൂമി | പദ്ധതി നിർവ്വഹത്തിനായി നൽകിയ പരസ്യം | 275 | 40 | 24 | 8840 (Sgst-221 Cgst-221 | 1650 | 3740 |
| 03.02.22 | ദേശാഭിമാനി | പദ്ധതി നിർവ്വഹണത്തി നായി നൽകിയ പരസ്യം | 180 | 32 | 24 | 4896 Sgst-122.4 Cgst-122.4 | 972 | 1224 |
| 20.02.22 | ദേശാഭിമാനി | പദ്ധതി നിർവ്വഹണത്തി നായി നൽകിയ പരസ്യം | 180 | 36 | 24 | 5508 Sgst-137.8 Cgst-137.8 | 864 | 1836 |
| 17.03.22 | ദേശാഭിമാനി | പദ്ധതി നിർവ്വഹണത്തി നായി നൽകിയ പരസ്യം | 180 | 32 | 24 | 4896 Sgst-122.4 Cgst-122.4 | 972 | 1224 |
| | | | | ആകെ | | | | 17,952 |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 ഐ.ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ 17,952 രൂപയുടെ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.ഉത്തരവാദികഅധികമായി ചെലവഴിച്ച 17,952 രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 221250 | സമഗ്ര നെൽകൃഷി വികസനം | 221250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 160000 | ലൈഫ് ഭവന പദ്ധതി( എസ്സ്.സി) | 160000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 662000 | ലൈഫ് ഭവന പദ്ധതി( ജനറൽ) | 662000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 250000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി(spil Over) | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 488620 | സമഗ്ര നെൽക്കൃഷി വികസനം | 488620 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 188160 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്. | 188160 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | അനുപൂരക പോഷകാഹാര പരിപാടി(ജനറൽ) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 160000 | ലൈഫ് ഭവന പദ്ധതി(എസ്.സി.) | 160000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1000000 | ലൈഫ് ഭവന പദ്ധതി(ജനറൽ) | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 45150 | എഫ്.എച്ച്.സി ക്ക് അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കൽ-ആർദ്രം | 45150 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 700000 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി(New) | 700000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷം നിക്ഷേപ പ്രവത്തികൾക്കായി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവഹണ എജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം/ചെക്ക്.നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യൂ.എ | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | ലഭ്യമല്ല | 888000 | 0 | 888000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം.എസ്സ)34/2018 /16-03-2018 | | 9738021` | 1114667 | | *8623354 |

.രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിന്നും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 69757258 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 71167794 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32706 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2356327 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-14 | | 8929 | ശ്രീമതി.സ്മിത അസി.എഞ്ചിനിയർ |
| 1-15 | | 5825 | ശ്രീമതി.സ്മിത അസി.എഞ്ചിനിയർ |
| 1-20 | | 17952 | ശ്രീ.അനിൽകുമാർ.എ.ജി, സെക്രട്ടറി |
| ആകെ | | 32706 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 888000 | ശ്രീ.അനിൽകുമാർ.എ.ജി, സെക്രട്ടറി |
| 1-19 | 953796 | ശ്രീ.അനിൽകുമാർ.എ.ജി, സെക്രട്ടറി |
| 1-21 | 28300 | ശ്രീ.അനിൽകുമാർ.എ.ജി, സെക്രട്ടറി |
| 1-22 | 236555 | ഡോ.ഷെറീന.എസ്സ്, മെഡിക്കൽ ഓഫിസർ പി.എച്ച്.സി |

| | | |
|---|---|---|
| 1-24 | 23002 | ഡോ.രാജി.ആർ, മെഡിക്കൽ ഓഫിസർ ആയുർവേദം |
| 1-25 | 61378 | ശ്രീ.അനിൽകുമാർ.എ.ജി, സെക്രട്ടറി |
| 1-26 | 53000 | ശ്രീ.അനിൽകുമാർ.എ.ജി, സെക്രട്ടറി |
| 1-27 | 2296 | ഡോ.ഷെറീന.എസ്സ്, മെഡിക്കൽ ഓഫിസർ പി.എച്ച്.സി |
| 1-28 | 110000 | അശ്വതി കൃഷ്ണ, വി.ഇ.ഒ |
| ആകെ | 2356327 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1071 | ശ്രീമതി.സ്മിത, അസി.എഞ്ചിനീയർ |
| 1-15 | 699 | ശ്രീമതി.സ്മിത, അസി.എഞ്ചിനീയർ |
| ആകെ | 1770 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.സ്മിത അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ അമ്പലപ്പുഴബ്ലോക്ക് പഞ്ചായത്ത് | നീരാഞ്ജനം ചുനക്കര നോർത്ത് ചുനക്കര.പി.ഒ |
| ശ്രീ.അനിൽകുമാർ സെക്രട്ടറി | സെക്രട്ടറി മാവേലിക്കര-താമരക്കുളം ഗ്രാമപഞ്ചായത്ത് | അനിൽ വിലാസം പാറ്റൂർ.പി.ഒ പഴഞ്ഞിയൂർകോണം നൂറനാട് |
| ഡോ.ഷെറീന.എസ്സ് മെഡിക്കൽ ഓഫിസർ പി.എച്ച്.സി | മെഡിക്കൽ ഓഫിസർ ചെറിയനാട് ഗ്രാമ പഞ്ചായത്ത് | കളീക്കൽ പറമ്പിൽ പുള്ളിക്കണക്ക്. പി.ഒ കായംകുളം |
| ഡോ.രാജി.ആർ മെഡിക്കൽ ഓഫിസർ ആയുർവേദം | മെഡിക്കൽ ഓഫിസർ ആയുർവേദം, ചെറിയനാട് ഗ്രാമ പഞ്ചായത്ത് | കൊച്ചുപറമ്പിൽ വേഴപ്ര.പി.ഒ രാമങ്കരി |
| അശ്വതി കൃഷ്ണ വി.ഇ.ഒ | വി.ഇ.ഒ, ഭരണിക്കാവ് ഗ്രാമ പഞ്ചായത്ത് | വിജയ ഭവൻ പാണ്ടനാട്.പി.ഒ ചെങ്ങന്നൂർ |

.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 1998-99 വരെ (ചെലവ് ) | എൽ.എഫ്.ജി.എ.5.1832/2011/24.01.2012 |

| | |
|---|---|
| 1997-98 (ഡി.സി.ബി)<br>2000-01 മുതൽ<br>2005-06 വരെ | എൽ.എഫ്.ജി.എ.5.1832/2011/24.01.2012 |
| 2008-09 | എൽ.എഫ്.ജി.എ.5.575/2014/06.05.2014 |
| 2009-10 | എൽ.എഫ്.എ-പി.5/1512/15/17.05.2011 |
| 2010-11 &2011-12 | എൽ.എഫ്.എ-പി.5/ 712/2014/09.12.15 |
| 2012-13 | എൽ.എഫ്.എ-പി.5/429/15/25.02.16 |
| 2013-14&2014-15 | കെ.എസ്.എ.എ.എൽ.പി.പി-5/15/15.02.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി .പി-5/1243/16/09.11.16/03.12.16 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി-5/1061/2017/10.8.2017/23.8.2017 |
| 2017-18 | കെ.എസ്.എ.എ.എൽ.പി .പി-5/1653/18/10.12.18/08.02.19 |
| 2018-19 | നം. കെ.എസ്.എ-എ.എൽ.പി-പി5-900/2019തീയതി.27.09.2019, |
| 2019-20 | നം. കെ.എസ്.എ-എ.എൽ.പി-പി5-1077/2021തീയതി.24.02.2022 |
| 2020-21 | നം. കെ.എസ്.എ-എ.എൽ.പി-പി5-1078/2021തീയതി.24.02.2022 |

.

.

.

.

ഡെപ്യൂട്ടി ഡയറക്ടർ,
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്